REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 02-10-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **തിന്മയുടെ മേൽ നന്മയുടെ വിജയം ഉദ്ഘോഷിച്ച് രാജ്യമെമ്പാടും ഇന്ന് വിജയദശമി ആഘോഷിക്കുന്നു.**
- **രജ്യം ഇന്ന് മഹാത്മജിയുടെ 156-ആം ജന്മവാർഷികവും മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ 121-ആം ജന്മദിനവും ആചരിക്കുന്നു.**
- **സർവ്വതലസ്പർശിയും സാമൂഹിക നീതിയിൽ അധിഷ്ഠിതവുമായ വികസനമാണ് സംസ്ഥാന ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **മുണ്ടക്കൈ ചൂരൽമല ദുരന്തനിവാരണത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് കൂടുതൽ തുക ലഭിക്കേണ്ടിയിരുന്നുവെന്ന് മന്ത്രി KN ബാലഗോപാൽ.**
- **ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ വിൻഡീസ് പതറുന്നു.**

## വാർത്തകൾ വിശദമായി

തിന്മയുടെ മേൽ നന്മയുടെ വിജയം ഉദ്ഘോഷിച്ച് രാജ്യമെമ്പാടും ഇന്ന് വിജയദശമി ആഘോഷിക്കുന്നു. രാവണനുമേൽ ശ്രീരാമൻ നേടിയ വിജയവും മഹിഷാസുരനെതിരെ ദുർഗാദേവി നേടിയ വിജയവും അടയാളപ്പെടുത്തിയാണ് വിജയദശമി ആഘോഷിക്കുന്നത്. നവരാത്രിയുടെയും ദുർഗ്ഗാ പൂജയുടെയും പരിസമാപ്തിയാണ് ഇന്ന്. ധീരതയുടെയും വിശ്വാസത്തിന്റെയും സത്യ വിജയത്തിന്റെയും പ്രതീകമായി കൂടിയാണ് വിജയദശമി ആഘോഷം. കേരളത്തിൽ വിജയദശമി ദിനത്തിലെ വിദ്യാരംഭമാണ് പ്രധാന ചടങ്ങ്. സംസ്ഥാനത്തെങ്ങും വിദ്യാദേവതയായ സരസ്വതിയെ ആരാധിച്ച്

കുരുന്നുകളുടെ നാവിൽ കവികളും സാസ്കാരിക പ്രവർത്തകരും കലാകാരന്മാരും ആദ്യാക്ഷരം പകർന്ന് നൽകി.

കോട്ടയം പനച്ചികാട് സരസ്വതി ക്ഷേത്രം, പറവൂർ ദക്ഷിണ മൂകാംബിക, ചോറ്റാനിക്കര, ആറ്റുകാൽ, പൂജപ്പുര സരസ്വതി മണ്ഡപം, തൃശൂർ തിരുവുള്ളക്കാവ് എന്നിവിടങ്ങളിലും തിരൂർ തുഞ്ചൻപറമ്പിലും , ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം, മറ്റ് സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും വിദ്യാരംഭ ചടങ്ങുകൾ സംഘടിപ്പിച്ചു.

കോഴിക്കോട് കേസരിഭവനിലെ സരസ്വതി മണ്ഡപത്തിലും കൊയിലാണ്ടി കൊല്ലം പിഷാരിക്കാവ്, കോഴിക്കോട് അഴകൊടി ദേവി ക്ഷേത്രം, വളയനാട് ദേവീക്ഷേത്രം എന്നിവിടങ്ങളിലും വിദ്യാരംഭ ചടങ്ങുകൾ ഉണ്ടായിരുന്നു.

✪✪✪

ദക്ഷിണ കർണാടകയിലെ പ്രസിദ്ധമായ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ പുലർച്ചെ വിദ്യാരംഭ ചടങ്ങുകൾക്ക് തുടക്കമായി. കേരളത്തിൽ നിന്ന് നിരവധി പേർ വിദ്യാരംഭം കുറിക്കാൻ  ഇവിടേക്ക് എത്തിച്ചേർന്നിട്ടുണ്ട്.

കാസർകോഡ് നിന്ന് P ജഗന്നിവാസന്റെ റിപ്പോർട്ട്...

..........വോയ്സ്.........

✪✪✪

കോഴിക്കോട് കേസരി ഭവനിൽ വിജയദശമി ദിനത്തിൽ  കുഞ്ഞുങ്ങൾക്ക് വിദ്യാരംഭം കുറിച്ചു. മുൻ ഗോവ ഗവർണർ  PS ശ്രീധരൻപിള്ള, രാജ്യസഭാ MP, സി സദാനന്ദൻ മാസ്റ്റർ തുടങ്ങിയവർ കുഞ്ഞുങ്ങൾക്ക് ആദ്യാക്ഷരം കുറിച്ചു. ചിത്രകല വിദ്യാരംഭത്തിന് ചിത്രകാരൻമാരായ മദനനും, രാജഗോപാൽ ഇരുവള്ളൂരും, നൃത്ത വിദ്യാരംഭത്തിന് ഗായത്രി മധുസൂദനും നേതൃത്വം നൽകി.

✪✪✪

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 156-ാമത് ജന്മദിനത്തിൽ രാജ്യം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. ആഗോളതലത്തിൽ അഹിംസാ ദിനമായും രാജ്യത്ത് ഗാന്ധിജയന്തിയായുമാണ് ഈ ദിനം ആഘോഷിക്കുന്നത്.

ആഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിലെ ഗാന്ധിസമാധിയായ രാജ്ഘട്ടിൽ സർവധർമ്മ പ്രാർത്ഥനാസഭ ചേർന്നു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, മന്ത്രി മനോഹർ ലാൽ തുടങ്ങിയവർ രാജ്ഘട്ടിലെത്തി പുഷ്പാർച്ചന നടത്തി.

ഗാന്ധിജയന്തി ആഘോഷങ്ങളുടെ ഭാഗമായി രാജ്യവ്യാപകമായി ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

രാഷ്ട്രപിതാവിന്റെ ജന്മദിനത്തിൽ ഗാന്ധിജിയുടെ ആദർശങ്ങൾക്കും ദർശനങ്ങൾക്കുമായി പുനരർപ്പണം ചെയ്യാൻ രാഷ്ട്രപതി ദ്രൗപദി മുർമു ആശംസാസന്ദേശത്തിൽ ജനങ്ങളെ ആഹ്വാനം ചെയ്തു. സമാധാനം, സത്യം, സഹിഷ്ണുത എന്ന മഹാത്മജിയുടെ സന്ദേശം മനുഷ്യരാശിയുടെ മുഴുവൻ പ്രചോദനമാണെന്ന് അവർ പറഞ്ഞു.

✪✪✪

ധൈര്യവും ലാളിത്യവും എങ്ങനെ വലിയ മാറ്റത്തിന്റെ ഉപകരണങ്ങളായി മാറുമെന്ന് മഹാത്മാ ഗാന്ധി തെളിയിച്ചുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആളുകളെ ശാക്തീകരിക്കുന്നതിന് അവശ്യ മാർഗമായി സേവനത്തിന്റെയും കാരുണ്യത്തിന്റെയും ശക്തിയിൽ അദ്ദേഹം വിശ്വസിച്ചുവെന്നും വികസിത ഭാരതം കെട്ടിപ്പടുക്കാൻ അന്വേഷണത്തിൽ ഗാന്ധിജിയുടെ പാത പിന്തുടരുമെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഗാന്ധിജയന്തിയോടനുബന്ധിച്ച് തിരുവനന്തപുരം കെപിസിസി ആസ്ഥാനത്ത് പുഷ്പാർച്ചന, ദേശഭക്തി ഗാനാലാപനം തുടങ്ങിയവ നടന്നു.

കോൺഗ്രസ് പ്രവർത്തക സമിതി അംഗം എ കെ ആന്റണി, മുൻ കെപിസിസി പ്രസിഡന്റുമാരായ വി എം സുധീരൻ, എം എം ഹസൻ, കെ മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

മഹാത്മാഗാന്ധിയുടെ ജന്മവാർഷിക ദിനത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു. സത്യം, അഹിംസ, സ്വാതന്ത്ര്യം, നീതി എന്നീ ഗാന്ധിജിയുടെ ആദർശങ്ങൾ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് പുതിയ ദിശാബോധവും ഊർജ്ജവും നൽകിയെന്ന് സമൂഹ മാധ്യമ കുറിപ്പിൽ ബിർള പറഞ്ഞു.

✪✪✪

മഹാത്മജിയുടെ 156-ആം ജന്മവാർഷിക ദിനത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ശ്രദ്ധാഞ്ജലി അർപ്പിച്ചു. സത്യം, അഹിംസ, ഐക്യം എന്നീ തത്വങ്ങളിലൂടെയാണ് മഹാത്മജി രാഷ്ട്രത്തെ ഒന്നിപ്പിച്ചതെന്നും അത് സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സത്യത്തിന്റെയും പാത

പിന്തുടരാൻ എല്ലാവരേയും പ്രചോദിപ്പിക്കുമെന്ന് രാഹുൽ ഗാന്ധി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

സ്വന്തം ജീവിതം തന്നെ ലോകത്തിന് സന്ദേശമാക്കി മാറ്റുകയാണ് ഗാന്ധിജി ചെയ്തതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഗാന്ധി ജയന്തി സന്ദേശത്തിൽ പറഞ്ഞു. ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കുമായി വിട്ടുവീഴ്ചയില്ലാതെ അദ്ദേഹം നിലകൊണ്ടുവെന്നും അതാണ് വർഗ്ഗീയവാദികളെ പ്രകോപിപ്പിച്ചതെന്നും മുഖ്യമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ന്, സ്വതന്ത്ര ഇന്ത്യയുടെ രണ്ടാമത്തെ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ 121-ാമത് ജന്മദിനം.

വെല്ലുവിളി നിറഞ്ഞ സമയങ്ങളിൽ പോലും ഇന്ത്യയെ ശക്തിപ്പെടുത്തിയ അസാധാരണ രാഷ്ട്രതന്ത്രജ്ഞനായിരുന്നു ലാൽ ബഹദൂർ ശാസ്ത്രിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

രാഷ്ട്രപതി ദ്രൗപതി ദുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും വിജയ് ഘട്ടിലെ ലാൽ ബഹദൂർ ശാസ്ത്രി സമാധിയിൽ എത്തി പുഷ്പാർച്ചന നടത്തി.

✪✪✪

മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ ജന്മവാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ആദരാഞ്ജലി അർപ്പിച്ചു. ലളിത്യം, സത്യസന്ധത, ധാർമ്മിക ധൈര്യം എന്നിവ ചേർന്ന ശാസ്ത്രിജിയുടെ ജീവിതവും നേതൃത്വവും മാതൃകയാണെന്ന് ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. വ്യക്തി താൽപര്യങ്ങൾക്കതീതമായി ഉയരാൻ തലമുറകളെ പ്രചോദിപ്പിച്ച വ്യക്തിത്വമായിരുന്നു ലാൽ ബഹദൂർ ശാസ്ത്രിയുടേതെന്ന് CP രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ശാസ്ത്രി ആവിഷ്കരിച്ച നിസ്വാർത്ഥ സേവനത്തിന്റെ ആദർശങ്ങൾ രാഷ്ട്രത്തിന് എന്നും പ്രചോദനമേകുമെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

✪✪✪

കേന്ദ്രഗവണ്മെന്റ് ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത മൂന്ന് ശതമാനം വർധിപ്പിച്ചു. കഴിഞ്ഞ ജൂലൈ 1 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് വർധന.

✪✪✪

പൊതുസേവനം, സൽഭരണം എന്നിവയിൽ കേന്ദ്രീകരിച്ച് പരിവർത്തനത്തിനും പുരോഗതിക്കുമായി അശ്രാന്ത പരിശ്രമത്തിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ്.

ആകാശവാണിയുടെ 'സേവ പർവ്' പ്രത്യേക പരമ്പരയിൽ, ഇന്ന് നക്സൽ മുക്ത് ഭാരതത്തിനായി മോദി ഗവൺമെന്റ് സ്വീകരിച്ച നടപടികളാണ് ചർച്ച ചെയ്യുന്നത്..

(വോയ്സ്)

കഴിഞ്ഞ 11 വർഷമായി, ഇടതുപക്ഷ തീവ്രവാദത്തെ പൂർണമായി തുടച്ചുമാറ്റുന്ന സമീപനമാണ് നരേന്ദ്ര മോദി ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഗവൺമെന്റ് പദ്ധതികൾ പൂർണമായും നടപ്പിലാക്കി, ഇടതുപക്ഷ തീവ്രവാദം ബാധിച്ച പ്രദേശങ്ങളെ വികസിപ്പിക്കുകയാണ് മോദി ഗവൺമെന്റിന്റെ ലക്ഷ്യം. നക്സൽ ബാധിത പ്രദേശങ്ങളിൽ നിയമവും ക്രമസമാധാനവും നടപ്പിലാക്കുകയും വർഷങ്ങളായി നക്സലൈറ്റ് അട്ടിമറി കാരണം ഉണ്ടായ വികസനപരമായ വിടവുകൾ വേഗത്തിൽ പരിഹരിക്കുകയുമാണ് ഗവൺമെന്റ് ചെയ്തുവരുന്നത്.

നക്സൽ ബാധിത പ്രദേശങ്ങളിൽ വികസനം എത്തിക്കുന്നതിന് ഈ പ്രദേശങ്ങൾക്ക് ബജറ്റ് വിഹിതം 300 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2004-2014 കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ നക്സൽ അക്രമ സംഭവങ്ങൾ മോദി ഗവൺമെന്റ് 53 ശതമാനമായി കുറച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. സുരക്ഷാ സേനയുടെ ആൾനാശത്തിലും 73 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

അടുത്ത വർഷം മാർച്ച് 31-നകം രാജ്യത്ത് നിന്ന് നക്സലിസത്തെ പൂർണ്ണമായും ഇല്ലാതാക്കാനാണ് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

✪✪✪

സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണം സംസ്ഥാന തല ഉദ്ഘാടനം ഉച്ചയ്ക്ക് കാഞ്ഞങ്ങാട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ദുർഗ ഹയർസെക്കന്ററി സ്കൂളിലാണ് ചടങ്ങ്. ഈ മാസം 15 വരെയാണ് സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം.

✪✪✪

സർവ്വതലസ്പർശിയും സാമൂഹിക നീതിയിൽ അധിഷ്ഠിതവുമായ വികസനം കേരളത്തിലെ എല്ലാ ജനങ്ങളിലും എത്തിക്കുകയാണ് നവകേരള സൃഷ്ടിയിലൂടെ സംസ്ഥാന ഗവൺമെന്റ് യാഥാർത്ഥ്യമാക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കാസർഗോട് കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഒടയഞ്ചാലിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

കാസർകോട്ട് മുഖ്യമന്ത്രിയെ കരിങ്കൊടി കാണിക്കും എന്ന ഇൻറലിജൻസ് വിവരത്തെ തുടർന്ന് കെ.എസ്.യു നേതാക്കളെ കരുതൽ തടവിലാക്കി.

കാസർഗോഡ് ചെർക്കളയിൽ നിന്നാണ് കെ.എസ്.യു. നേതാക്കളെ പോലീസ് കരുതൽ തടവിലാക്കിയത്.

✪✪✪

മുണ്ടക്കൈ ചൂരൽമല ദുരന്തനിവാരണത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് കൂടുതൽ തുക ലഭിക്കേണ്ടിയിരുന്നുവെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ. അർഹമായ തുക കിട്ടാതിരിക്കുന്നത് വലിയ പ്രശ്നമാണെന്നും വിഷയത്തിൽ കേരളത്തിലെ എംപിമാർ ഇടപെടണമെന്നും മന്ത്രി തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

മുണ്ടക്കൈ പുനർനിർമാണത്തിനായി കേന്ദ്രം 260 കോടി 56 ലക്ഷം രൂപ അനുവദിച്ചതിനോട് പ്രതികരിക്കുകയായിരുന്നു മന്ത്രി ബാലഗോപാൽ.

✪✪✪

രണ്ട് മത്സരങ്ങളടങ്ങിയ ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ വിൻഡീസിന് ബാറ്റിംഗ് തകർച്ച. ടോസ് നേടി ആദ്യം ബാറ്റിംഗിന് ഇറങ്ങിയ വിൻഡീസ്, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 6 വിക്കറ്റ് നഷ്ടത്തിൽ 105 റൺസ് എടുത്തിട്ടുണ്ട്.

ഇന്ത്യക്ക് വേണ്ടി മുഹമ്മദ് സിറാജ് 4 വിക്കറ്റുകൾ വീഴ്ത്തി.

✪✪✪

ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ബംഗ്ലാദേശ് പാക്കിസ്ഥാനെ നേരിടും. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗിന് കണ്ണൂരിൽ ഇന്ന് തുടക്കമാകും. അഞ്ചരക്കണ്ടി പുഴയിൽ മുഴപ്പിലങ്ങാട് കടവിന് സമീപം മത്സരം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണ് ഇന്ന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ തുടക്കമാകും. രാത്രി 8ന് ആരംഭിക്കുന്ന മത്സരത്തിൽ നിലവിൽ ജേതാക്കളായ കാലിക്കറ്റ് FC രണ്ടാം സ്ഥാനക്കാരായ ഫോഴ്സ കൊച്ചി FC-യെ നേരിടും. രണ്ടര മാസത്തോളം നീളുന്ന ലീഗിൽ ഫൈനലടക്കം 33 മത്സരങ്ങളുണ്ട്.

എല്ലാ മത്സരങ്ങളും സോണി സ്പോർട്സ് നെറ്റ്‌വർക്ക് സംപ്രേഷണം ചെയ്യും.

✪✪✪

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് നടക്കുന്ന സമരം രാഷ്ട്രീയ പ്രേരിതമാണെന്ന് മന്ത്രി V ശിവൻ കുട്ടി പറഞ്ഞു. വെല്ലുവിളിച്ചാൽ അംഗീകരിക്കാൻ കഴിയില്ലെന്നും വിമോചന സമരം ഇന്ന് സാധ്യമല്ലെന്നും മന്ത്രി തിരുവനന്തപുരത്ത് അഭിപ്രായപ്പെട്ടു.

രാഷ്ട്രീയപരമായാണ് ഈ വിഷയത്തെ കാണുന്നതെങ്കിൽ അതിന് മുന്നിൽ സംസ്ഥാന ഗവൺമെന്റ് കീഴടങ്ങുന്ന പ്രശ്മില്ലെന്നും ശിവൻകുട്ടി വ്യക്തമാക്കി.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs : അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*